

# സമകാലിക ഹൈക്കോടതിവിധികളും സാമൂഹ്യ നീതിയും – കൺവെൻഷൻ

**ആഗസ്റ്റ് 21-ാം തീയതി 9.30 മുതൽ 4 വരെ**
**ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ ഹാൾ, എറണാകുളം സൗത്ത്**
**ഉദ്ഘാടനം : ശ്രീമതി ടീസ്റ്റാ സെത്തൽവാഡ്**

**അടിയന്തിരഘട്ടത്തിൽ** നീതിലഭിക്കുന്നതിനുവേണ്ടി നാം ഓടിയെത്തുന്നത് നീതിപീഠങ്ങൾക്ക് (ജൂഡിഷ്യറി) മുന്നിലാണ്. എന്നാൽ കുറച്ചു വർഷങ്ങളായി നമ്മുടെ നീതിപീഠങ്ങളിൽ നിന്നു പുറത്തുവരുന്ന വിധികൾ മിക്കവയും, സമ്പന്നശക്തികളുടെ താൽപര്യത്തിന് യോജിച്ചവിധമാണെന്ന് കാണാം. പ്ലാച്ചിമടയിലെ ആദിവാസികളുടെയും കർഷകരുടെയും വെള്ളം കൊള്ളയടിക്കുന്ന കോള കമ്പനിയെ സഹായിക്കാൻ കേരള ഹൈക്കോടതിയും വഴിവിട്ടു ന്യായീകരിക്കുകയുമാണ് ചെയ്തത്. കൊച്ചിനിവാസികളുടെ നൂറുകണക്കിന് കോടി രൂപ കൊള്ളയടിക്കുന്നതിനുവേണ്ടി മട്ടാഞ്ചേരി ബി.ഒ.ടി. പാലത്തിന്റെ കരാറിന് കോടതി അംഗീകാരം നൽകി. വിദ്യാഭ്യാസമെന്നത് സമ്പന്നന്റെ മാത്രം അവകാശമാണെന്നും ലാഭത്തിനുവേണ്ടി കമ്പോളത്തിൽ വിൽക്കാനുള്ളതാണെന്നും പരസ്യമായി പ്രഖ്യാപിക്കാനും നമ്മുടെ കോടതിക്ക് മടിയുണ്ടായില്ല.

ഇതുപോലെ, ലോട്ടറിക്കമ്പനികൾക്കനുകൂലമായും കരിമുകളിൽ മലിനീകരണം നടത്തുന്ന ഫിലിപ്സ് കാർബൺ കമ്പനിക്കുവേണ്ടിയും ജീവൻ നിലനിർത്താൻവേണ്ടി ജനങ്ങൾ നടത്തുന്ന പ്രതിഷേധ സമരങ്ങൾപോലും നിരോധിക്കുന്നതിനും, വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശം എടുത്തുകളയുന്നതിനും വേണ്ടി നമ്മുടെ കോടതികൾ പ്രസ്താവിച്ച വിധികൾ സാമൂഹ്യനീതിയെ നിഷേധിക്കുന്നവയാണ്. ഈ കോടതിവിധികളേക്കാൾ അപകടകരമാണ് ഇവയിലെ വിധിന്യായങ്ങൾ പലതും ദൂരവ്യാപകമായ സാമൂഹ്യപ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ അവ കാരണമാകുന്നു. ഭൂഗർഭജലം സ്വാഭാവികജല സ്രോതസ്സല്ലെന്നും ജലമെന്ന പ്രകൃതി സമ്പത്തിനുമേൽ പ്രാദേശികജനതയ്ക്കോ, ഭരണകൂടത്തിനോ യാതൊരു അധികാരവുമില്ലെന്നും ഹൈക്കോടതി വിധിക്കുന്നു. സൂര്യനെല്ലി പെൺകുട്ടിയെ പീഡിപ്പിച്ച നരാധമന്മാർ മാന്യന്മാരായി പൊതുസമൂഹത്തിൽ വിലസുമ്പോൾ പീഡനത്തിനിരയായ പെൺകുട്ടിയെ നീതിപീഠങ്ങളും സമൂഹവും വീണ്ടും വിചാരണ ചെയ്ത് രസിക്കുന്നു. മാരകമായ പരിക്കുകളും വധഭീഷണിയുമുള്ളപ്പോൾ പ്രായപൂർത്തിയാവാത്ത ഒരു പെൺകുട്ടി, എന്തുകൊണ്ട് ഓടി രക്ഷപ്പെട്ടില്ല എന്നാണ് ബഹുമാനപ്പെട്ട കോടതി ചോദിക്കുന്നത്. സ്വാശ്രയ കോളേജ് പ്രശ്നത്തിൽ സ്വയമേവ കേസെടുത്ത കോടതി വിദ്യാർത്ഥികളെ 'കൈകാര്യം' ചെയ്യണമെന്നാണ് സർക്കാരിനോട് നിർദ്ദേശിക്കുന്നത്. ഈ വിഷയത്തിൽ കോടതിക്ക് നേരത്തെയുള്ള പ്രത്യേക താൽപര്യം ഏവർക്കും അറിവുള്ളതാണ്. ഏറ്റവും ചുരുങ്ങിയത് വിധി പ്രഖ്യാപിച്ച ജഡ്ജിമാർ അവരുടെ പേരുകൾ രേഖപ്പെടുത്താനുള്ള ആർജവമെങ്കിലും കാണിക്കണമായിരുന്നു.

രാഷ്ട്രീയ നിയമ സാമൂഹ്യരംഗത്തെ പ്രമുഖ വ്യക്തികളും, പ്രവർത്തകരും ഈ സമ്മേളനത്തിൽ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ വിഷയത്തിന്റെ കാലിക പ്രാധാന്യം മനസ്സിലാക്കി താങ്കളും, സംഘടനാപ്രതിനിധികളും കൺവെൻഷനിൽ പങ്കെടുത്ത് ഈ സമ്മേളനം സാർത്ഥകമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉദ്ഘാടന യോഗത്തിൽ ജിയോ ജോസ്, പ്രൊഫ. എം. കെ. സാനു, ശ്രീമതി ടീസ്റ്റ സെത്തിൽവാഡ്, പ്രൊഫ. നൈനാൻ കോശി, യേശുദാസ് വരാപ്പുഴ തുടങ്ങിയവരും കോടതി വിധികളും സാമൂഹ്യനീതിയും എന്ന വിഷയത്തിൽ പ്രൊഫ. എം. കെ. പ്രസാദ്, പ്രൊഫ. ജി. സദാശിവൻനായർ തുടങ്ങിയവരും കേസ് അവതരണങ്ങളിൽ സി.ആർ. നീലകണ്ഠൻ, കെ. അജിത (സൂര്യനെല്ലി), എ. കൃഷ്ണൻ (പ്ലാച്ചിമട), ജോസഫ് ജോൺ (ബി.ഒ.ടി. പാലം), അഡ്വ. എം.ആർ. ഹരിരാജ് (സ്വാശ്രയ കോളേജ്) എന്നിവരും നീതിന്യായ സംവിധാനവും അക്കൗണ്ടബിലിറ്റിയും അഡ്വ. എൻ.എ. അലി (നാഷണൽ ജുഡീഷ്യൽ കമ്മീഷൻ), വി.വി. സുരേന്ദ്രനാഥ് (ജുഡീഷ്യൽ അക്കൗണ്ടബിലിറ്റിയും കോടതി അലക്ഷ്യവും) തുടങ്ങിയവരും പ്രതികരണങ്ങളിൽ സി.കെ. ജാനു, കെ.എ. ഫൈസൽ, കെ.വി. ജോർജ്ജ്, വേലൂർ സ്വാമിനാഥൻ, ഡോ. ആർ. നന്ദകുമാർ, അഡ്വ. പി.എ. പൗരൻ, ജി. ഗോപിനാഥ്, പുരുഷൻ ഏലൂർ, വിജയചന്ദ്രൻ സി.എ., വി.ഡി. മജീന്ദ്രൻ, ജ്യോതി നാരായണൻ, എൻ.പി. ജോൺസൺ, പ്രൊഫ. സൂസൻ ജോൺ, ആർ. അജയൻ തുടങ്ങിയവരും സംസാരിക്കുന്നു.

*ബന്ധങ്ങൾക്ക് : ജിയോ ജോസ്, ഏജീസ് ഓഫീസ്, കലൂർ. 0484-5544682*


*With best compliments from*

CENTRE FOR
POST GRADUATE STUDIES

P.G.Centre

North Bus Stand, Thrissur-20
Ph : 2338983, 2331714
e-mail : trc_postgrad@sancharnet.in.